സി.ബി.എസ്.ഇ വെക്കേഷൻ ക്ലാസിന് അനുമതി

കൊച്ചി: ഒമ്പതുമുതൽ 12 വരെ സ്റ്റാൻഡേർഡുകളിൽ വെക്കേഷൻ ക്ലാസ് നടത്താൻ ഹർജി നൽകിയ സി.ബി.എസ്.ഇ സ്കൂളുകൾക്ക് ഹൈക്കോടതി അനുമതി നൽകി. പരമാവധി 20 ദിവസം വരെ ക്ലാസ് നടത്താം.

ബാലാവകാശ കമ്മിഷന്റെ ഉത്തരവിനെത്തുടർന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറും സി.ബി.എസ്.ഇ അധികൃതരും വെക്കേഷൻ ക്ലാസുകൾ നടത്തുന്നത് തടഞ്ഞിരുന്നു. ഇതിനെതിരെ ഗ്ലോബൽ പബ്ലിക് സ്കൂൾ ഉൾപ്പെടെ 52 സ്കൂളുകൾ നൽകിയ ഹർജിയിലാണ് ക്ലാസ് നടത്താൻ സിംഗിൾബെഞ്ച് അനുമതി നൽകിയത്. ഹർജിക്കാർക്ക് മാത്രമാണ് അനുമതി.

വ്യാജ സമരാഹ്വാനം അരാജകത്വം സൃഷ്ടിക്കും: കോടിയേരി

ആലുവ: ഫേസ്ബുക്കും വാട്ട്സ്ആപ്പും ഉൾപ്പെടെയുള്ള നവമാദ്ധ്യമങ്ങളിലൂടെയുള്ള സമരാഹ്വാനം അരാജകത്വം സൃഷ്ടിക്കുമെന്നും തെറ്റായ പ്രചാരണത്തിൽ സി.പി.എം അംഗങ്ങൾ അകപ്പെടരുതെന്നും സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. ആലുവ പാലസിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്ന അദ്ദേഹം.

ആഹ്വാനം ചെയ്യുന്നത് ആരെന്നുപോലും വ്യക്തതയില്ലാതെയാണ് ചിലർ തെരുവിൽ ഇറങ്ങി ഗതാഗതം തടസപ്പെടുത്തുന്നത്. ചിലർ വർഗീയ ചേരിതിരിവിന് ശ്രമിക്കുകയാണ്. ജമ്മു കാശ്മീരിലെ കത്വവയിൽ എട്ട് വയസുകാരിയെ മാനഭംഗപ്പെടുത്തി കൊലപ്പെടുത്തിയത് ജനുവരി 19ന് സി.പി.എം എം.എൽ.എ യൂസഫ് തരിഗാമിയാണ് നിയമസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. കുറ്റപത്രം സമർപ്പിച്ചതോടെ ഹിന്ദു ഏകതാ മഞ്ചിന്റെ നേതൃത്വത്തിൽ കുറ്റവാളികളെ സംരക്ഷിക്കാനായി ശ്രമം. ബി.ജെ.പി - പി.ഡി.പി എന്നീ മതതീവ്രവാദ സംഘടനകളാണ് കുറ്റവാളികളെ സംരക്ഷിക്കുന്നത്.

കേരളത്തിൽ കലാപത്തിന് ശ്രമം: എം.ടി. രമേശ്

കോഴിക്കോട്: ജമ്മു കാശ്മീരിലെ വേദനാജനകമായ സംഭവം മുൻനിറുത്തി സംസ്ഥാന വ്യാപകമായി സാമുദായിക കലാപമുണ്ടാക്കാൻ ചില സംഘടനകൾ ബോധപൂർവമായ ശ്രമം നടത്തുന്നുണ്ടെന്ന് ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി എം.ടി. രമേശ് പറഞ്ഞു.

സംസ്ഥാനത്തും മലബാർ മേഖലയിലും അപ്രഖ്യാപിത ഹർത്താൽ നടത്തിയത് ഇതിന്റെ ഭാഗമാണ്. ആരാണ് ഹർത്താലിന് ആഹ്വാനം ചെയ്തതെന്ന് വ്യക്തമല്ല. ഹർത്താലിന്റെ മറവിൽ വ്യാപകമായ അക്രമമാണ് നടന്നത്. ഇത് അത്യന്തം അപകടകരമായ രീതിയിൽ സാമുദായികമായ ചേരിതിരിവ് ഉണ്ടാക്കാൻ കാരണമാവുന്നു.

വനിതാ ഡോക്ടറുടെ മരണം: റിപ്പോർട്ട് നൽകി

തിരുവനന്തപുരം: ആർ.സി.സിയിൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ വനിതാ ഡോക്ടർ മരിച്ചത് ചികിത്സാ പിഴവ് മൂലമെന്ന ആരോപണത്തെപ്പറ്റി അന്വേഷിച്ച കമ്മിഷൻ ആർ.സി.സി ഡയറക്ടർ ഡോ. പോൾ സെബാസ്റ്റ്യന് റിപ്പോർട്ട് നൽകി. റിപ്പോർട്ട് ഇന്ന് ആരോഗ്യ വകുപ്പ് സെക്രട്ടറി രാജീവ് സദാനന്ദന് കൈമാറുമെന്ന് ആർ.സി.സി ഡയറക്ടർ പറഞ്ഞു. ആർ.സി.സി അഡിഷണൽ ഡയറക്ടർ ഡോ. രാംദാസ്, ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. രജനീഷ് എന്നിവരാണ് അന്വേഷിച്ചത്. റാസൽഖൈമയിൽ ജോലി ചെയ്യുന്ന ഡോ. റെജി ജേക്കബിന്റെ ഭാര്യ ഡോ മേരി റെജിയാണ് മരിച്ചത്. ചികിത്സയിലെ പിഴവ് മൂലമാണ് മേരി റെജി മരിച്ചതെന്ന് ഡോ. റെജി ജേക്കബ് സാമൂഹ്യ മാദ്ധ്യമങ്ങളിലൂടെ ആരോപിച്ചിരുന്നു.

കേരള യൂണിവേഴ്സിറ്റിയിൽ അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ശ്രുതി. എസ്. സംസ്ഥാന കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ പ്രോജക്ട് അസോസിയേറ്റാണ്. വർക്കല ചെറുന്നിയൂർ വൃന്ദാവനത്തിൽ ശശിധരൻപിള്ളയുടെയും സരളദേവിയുടേയും മകളാണ്.

ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് വെറ്ററിനറി പബ്ലിക് ഹെൽത്തിൽ ഡോക്ടറേറ്റ് നേടിയ വൈശാഖ് മോഹൻ. കേരള അനിമൽ ഹസ്ബൻഡറി ഡിപ്പാർട്ട്മെന്റിൽ വെറ്ററിനറി സർജനാണ്. ശ്രീകാര്യം അമ്പാടി നഗർ ലെയ്ൻ-1ൽ 'ഉഷമലരി'യിൽ എസ്. വിജയമോഹന്റെയും സുജാതയുടെയും മകനാണ്. ആലപ്പുഴ എസ്.ഡി കോളേജിൽ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ നീത പ്രസാദാണ് ഭാര്യ.

സി.ബി.ഐ അന്വേഷണത്തിനുള്ള സ്റ്റേ നീക്കണം

ഷുഹൈബിന്റെ പിതാവ് സുപ്രീംകോടതിയിൽ

കപിൽ സിബൽ ഹാജരാകുമെന്ന് കെ. സുധാകരൻ

◗ സ്വന്തം ലേഖകൻ

ന്യൂഡൽഹി: യൂത്ത് കോൺഗ്രസ് നേതാവ് ഷുഹൈബിന്റെ വധത്തിലെ സി.ബി.ഐ അന്വേഷണം സ്റ്റേ ചെയ്ത ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവിനെതിരെ പിതാവ് സി. മുഹമ്മദ് സുപ്രീംകോടതിയെ സമീപിച്ചു. പൊലീസ് അന്വേഷണം കാര്യക്ഷമമല്ലെന്നും തെളിവുകൾ നശിപ്പിക്കപ്പെടുന്നതിന് മുൻപ് കേസ് കേന്ദ്ര ഏജൻസിയെ ഏൽപ്പിക്കണമെന്നുമാണ് ഹർജിയിലെ ആവശ്യം. കേസിൽ മുതിർന്ന അഭിഭാഷകനായ കപിൽ സിബൽ ഹാജരാകുമെന്ന് കോൺഗ്രസ് നേതാവ് കെ. സുധാകരൻ പറഞ്ഞു.

കേസിൽ സി.ബി.ഐ അന്വേഷണത്തിന് ഉത്തരവിട്ട സിംഗിൾ ബെഞ്ച് ഉത്തരവ് ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തതിൽ പിഴവുണ്ടെന്നാണ് ഹർജിയിലെ പ്രധാന വാദം. സിംഗിൾ ബെഞ്ചിന്റെ ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ സമർപ്പിച്ച അപ്പീൽ പരിഗണിക്കാൻ പോലും ഡിവിഷൻ ബെഞ്ചിന് അധികാരമില്ല. പഴയ മദ്രാസ് പ്രവിശ്യയുടെ ഭാഗമായ മലബാർ മേഖലയിൽ ലെറ്റർ പേറ്റന്റ് (മദ്രാസ്) നിയമം ഇപ്പോഴും ബാധകമാണ്. നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം ക്രിമിനൽ റിട്ട് ഹർജികളിൽ സിംഗിൾ ബെഞ്ച് ഉത്തരവിന്മേൽ അതേ ഹൈക്കോടതിയിൽ അപ്പീൽ നിലനിൽക്കില്ല. അപ്പീൽ നൽകുകയാണെങ്കിൽ തന്നെ സർക്കാർ സുപ്രീംകോടതിയെയാണ് സമീപിക്കേണ്ടിയിരുന്നതെന്നും ഷുഹൈബിന്റെ പിതാവിന്റെ ഹർജിയിൽ പറയുന്നു.

കേസിലെ പ്രതികൾക്കെതിരെ ക്രിമിനൽ ഗൂഢാലോചനക്കുറ്റം ചുമത്തിയിട്ടില്ലെന്നും കൃത്യം നടത്തിയവർക്ക് പുറമേ അതിന് നിർദ്ദേശം നൽകിയവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെങ്കിൽ ഗൂഢാലോചനക്കുറ്റം ചുമത്തണമെന്നും കെ. സുധാകരൻ പറഞ്ഞു. രാഷ്ട്രീയ കൊലപാതകങ്ങളിലെ പ്രതികൾ ആഭ്യന്തര വകുപ്പ് ഭരിക്കുന്ന പാർട്ടിയിൽപ്പെട്ടവരാണെങ്കിൽ കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് സുപ്രീംകോടതിയുടെ സുപ്രധാനമായ വിധിയുണ്ടെന്നും ഇത് ചൂണ്ടിക്കാട്ടുമെന്നും സുധാകരൻ മാദ്ധ്യമപ്രവർത്തകരോട് പറഞ്ഞു.

വിഷുദിനത്തിൽ അമ്മയും മകളും ഉൾപ്പെടെ നാലുപേർ മുങ്ങിമരിച്ചു

തൃശൂർ: വിഷുദിനത്തിൽ അമ്മയും മകളും ഉൾപ്പെടെ നാല് പേർ ക്വാറിയിൽ മുങ്ങിമരിച്ചു. അഞ്ഞൂർ കുന്നുപാക്കത്ത് തങ്കയുടെ മകൾ സീത (45), സീതയുടെ മകൾ പ്രതീക (14), അഞ്ഞൂർകുന്ന് രായ്മരയ്ക്കാർ വീട്ടിൽ മുഹമ്മിന്റെ മകൾ സന (14), ചേലക്കര കാളിയറോഡ് വരിക്കാട്ട് വീട്ടിൽ അനസിന്റെ മകൻ ഹാഷിം (6) എന്നിവരാണ് മരിച്ചത്.

ഞായറാഴ്ച വൈകിട്ട് നാലോടെ നാലുപേരും ചേർന്നാണ് കുളിക്കാൻ ക്വാറിയിലെത്തിയത്. ഒന്നരമണിക്കൂറിന് ശേഷം ഇവിടെയെത്തിയ മറ്റൊരു സ്ത്രീയാണ് ഇവരുടെ ചെരുപ്പുകളും വസ്ത്രവും കണ്ടതായി സമീപവാസികളെ അറിയിച്ചത്. തുടർന്ന് വൈകിട്ട് 6.50ന് ഫയർഫോഴ്സെത്തി നടത്തിയ തെരച്ചിലിൽ നാല് പേരുടെയും മൃതദേഹങ്ങൾ കണ്ടെത്തി. അവസാനമാണ് ഹാഷിമിന്റെ മൃതദേഹം കിട്ടിയത്. അവധിക്കാലമായതിനാൽ ഏതാനും ദിവസം മുൻപാണ് ഹാഷിം, ബന്ധുവായ സനയുടെ വീട്ടിലെത്തിയത്. ആറുവയസുകാരനായ ഹാഷിം ക്വാറിയിൽ വീണപ്പോൾ രക്ഷിക്കാൻ മറ്റുള്ളവർ ഇറങ്ങിയതാവാം ദുരന്തകാരണമെന്നാണ് പൊലീസിന്റെ നിഗമനം. ഹാഷിമിന്റെ മൃതദേഹം കുന്നംകുളം താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം സ്വന്തം നാടായ ചേലക്കരയിലേക്ക് കൊണ്ടുപോയി. പ്രതീക തൊഴിയൂർ സെന്റ്ജോർജ് ഹയർ സെക്കൻഡറി സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയാണ്. കുന്നംകുളം ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനിയാണ് സന.

പ്രതീക

ഹാഷിം

ഹാരിസൺ കേസിൽ തോൽക്കാൻ വിജിലൻസ് അന്വേഷണം മരവിപ്പിച്ചു

◗ കെ.പി.കൈലാസ്‌നാഥ്

തിരുവനന്തപുരം: വ്യാജരേഖ ചമച്ചതിന് ഹാരിസൺ മലയാളം പ്ലാന്റേഷൻസിലെ നാല് ഉദ്യോഗസ്ഥർക്കെതിരെയും രജിസ്ട്രേഷൻ വകുപ്പിലെ നാല് സബ് രജിസ്ട്രാർമാർക്കെതിരെയും വിജിലൻസ് നടത്തിയ അന്വേഷണം മരവിപ്പിച്ചതും ഹാരിസൺ കേസിൽ സർക്കാർ പരാജയപ്പെടുന്നതിന് കാരണമായി. ഹാരിസണുമായി സംസ്ഥാന സർക്കാർ ഒത്തുകളി നടത്തിയെന്ന ആരോപണത്തെ സാധൂകരിക്കുന്നതാണിത്.

സർക്കാർ അഭിഭാഷകരും കേസിൽ കക്ഷിചേർന്ന വി.എം. സുധീരന്റെയും കുമ്മനം രാജശേഖരന്റെയും അഭിഭാഷകരും ഹാരിസണിനെതിരെ വ്യാജ രേഖ ചമച്ചതിന് വിജിലൻസ് കേസുള്ള കാര്യം ചൂണ്ടിക്കാട്ടിയിരുന്നു. അന്വേഷണം പൂർത്തിയായില്ലല്ലോ എന്നാണ് അപ്പോൾ ഹൈക്കോടതി പ്രതികരിച്ചത്.

തിരുവനന്തപുരം വിജിലൻസിന്റെ രണ്ടാം യൂണിറ്റാണ് വ്യാജരേഖ കേസ് അന്വേഷിച്ചിരുന്നത്. മുകളിൽ നിന്നുള്ള സമ്മർദ്ദം മൂലം അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റുകയും അന്വേഷണം മരവിപ്പിക്കുകയുമായിരുന്നു. ആരോപണ വിധേയമായ ആധാരത്തെക്കുറിച്ചുള്ള റിപ്പോർട്ട് ഫോറൻസിക് ലാബിൽ നിന്ന് പുറത്തുവന്നതുമില്ല. ലണ്ടൻ ആസ്ഥാനമായ മലയാളം റബർ ആൻഡ് പ്രൊഡ്യൂസ് കമ്പനി തങ്ങളുടെ അതേ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മലയാളം പ്ലാന്റേഷൻസ് യു.കെ ലിമിറ്റഡ് എന്ന മറ്റൊരു ഇംഗ്ലീഷ് കമ്പനിക്ക് 22,655 ഏക്കർ ഭൂമി കൈമാറിയ രേഖയാണിത്. കൊല്ലം സബ്‌രജിസ്ട്രാർ ഓഫീസിലെ 1923ലെ 1600/1923 രജിസ്റ്റർ പ്രകാരം ഈ രേഖ മലയാളത്തിലാണ്. വായിക്കാൻ പ്രയാസമാണെങ്കിലും ഈ ആധാരം ഇപ്പോഴും കൊല്ലം സബ് രജിസ്ട്രാർ ഓഫീസിലുണ്ട്.

ഈ രേഖയാണെന്ന പറഞ്ഞ് ഇംഗ്ലീഷിലുള്ള രേഖയുണ്ടാക്കി ബോയ്സ്, അമ്പനാട് (ട്രി.ആർ ആൻഡ് ടി), റിയ, ചെറുവള്ളി എന്നീ എസ്റ്റേറ്റുകൾക്ക് ഏക്കർ കണക്കിന് ഭൂമി ഹാരിസൺ മലയാളം പ്ലാന്റേഷൻസ് കൈമാറുകയായിരുന്നു. ഇത് ബ്രിട്ടനിലെ ജോൺ ഡിക്കിൻസൺ കമ്പനിയുടെ വാട്ടർമാർക്കുള്ള കടലാസിലാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് കണ്ടെത്തിയ വിജിലൻസ് വിദഗ്ദ്ധ പരിശോധനയ്ക്കായി ഫോറൻസിക് ലാബിൽ അയയ്ക്കുകയായിരുന്നു.

ഹാരിസൺ കൈമാറിയ എസ്റ്റേറ്റുകൾ

അമ്പനാട്	2700 ഏക്കർ	1985ൽ
ബോയ്സ്	1665 ഏക്കർ	2004ൽ
റിയ	206 ഏക്കർ	2005ൽ
ചെറുവള്ളി	2264 ഏക്കർ	2005ൽ

സുഹൃത്തിന്റെ സഹോദരിയുടെ വിവാഹത്തിനെത്തിയ യുവാവ് കിണറ്റിൽ വീണ് മരിച്ചു

കാട്ടാക്കട: വിവാഹത്തലേന്ന് മണ്ഡപത്തിൽ ശ്രമദാനത്തിനെത്തിയ യുവാവ് കിണറിൽ വീണ് മരിച്ചു. കുറ്റിച്ചൽ ചപ്പാത്ത് പൊട്ടകാവ് അൻസീർ മൻസിലിൽ പരീത് അസംബീവി ദമ്പതികളുടെ മകൻ അജ്മലാണ് (20) മരിച്ചത്.

അജ്മലിന്റെ കൂട്ടുകാരന്റെ സഹോദരിയുടെ വിവാഹത്തിന്റെ തലേദിവസമായ ഞായറാഴ്ച രാത്രി സുഹൃത്തുക്കളുമൊത്താണ് അജ്മൽ പൂവച്ചലിലെ സ്വകാര്യ വിവാഹ മണ്ഡപത്തിലെത്തിയത്.

ജോലിയ്ക്കിടെ സംരക്ഷണ ഭിത്തിയിലിരുന്ന് ഫോൺ വിളിക്കുമ്പോൾ കിണറിലേക്ക് വീഴുകയായിരുന്നു. സംരക്ഷണത്തിനായി കമ്പിവല സ്ഥാപിച്ചിരുന്നുവെങ്കിലും ഇതിനിടയിലൂടെ ആഴമുള്ള കിണറ്റിലേയ്ക്ക് വീഴുകയായിരുന്നു. തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ അജ്മലിനെ മണ്ഡപത്തിലുണ്ടായിരുന്നവർ മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചു. സഹോദരൻ: അൻസീർ.

അജ്മൽ

രാഷ്ട്രീയ പാർട്ടികൾക്ക് വിദേശ ഫണ്ട്: അനുമതി നൽകിയതിനെതിരെ ഹർജി

കൊച്ചി: കോർപറേറ്റ് കമ്പനികളിൽ നിന്നും വിദേശത്തു നിന്നും രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും തിരഞ്ഞെടുപ്പ് ഫണ്ട് വാങ്ങാൻ അനുവാദം നൽകുന്ന വ്യവസ്ഥകൾ റദ്ദാക്കാൻ കോഴഞ്ചേരി സ്വദേശി വിക്ടർ ടി. തോമസ് ഹൈക്കോടതിയിൽ പൊതുതാത്പര്യ ഹർജി നൽകി. പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും ഫണ്ട് നൽകാനാവുന്ന തരത്തിൽ 2013 ലെ കമ്പനി നിയമത്തിലും 2010 ലെ വിദേശ ധനസഹായ നിയന്ത്രണ നിയമത്തിലും 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലും കൊണ്ടുവന്ന ഭേദഗതികൾ റദ്ദാക്കണമെന്നാണ് ഹർജിയിലെ ആവശ്യം.

നിയമ മന്ത്രാലയം, കോർപറേറ്റ്കാര്യ മന്ത്രാലയം, ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മിഷൻ, കോൺഗ്രസ്, ബി.ജെ.പി, സി.പി.എം, സി.പി.ഐ എന്നിവരെ എതിർകക്ഷിയാക്കി നൽകിയ ഹർജി ഹൈക്കോടതി പിന്നീട് പരിഗണിക്കും. രാഷ്ട്രീയ പാർട്ടികൾക്ക് ഫണ്ട് നൽകാൻ 1956 ലെ കമ്പനി നിയമം അനുവദിച്ചിരുന്നില്ലെന്നും 1960 ൽ കമ്പനികളുടെ വാർഷിക ലാഭത്തിന്റെ അഞ്ച് ശതമാനമോ 25,000 രൂപയോ സംഭാവന നൽകാൻ അനുമതി നൽകിയെന്നും ഹർജിയിൽ പറയുന്നു. 2017 ലെ ധനകാര്യ നിയമത്തിൽ തുകയുടെ പരിധി നീക്കിയതോടെ കമ്പനികൾക്ക് യഥേഷ്ടം സംഭാവന നൽകാമെന്ന സ്ഥിതിയായി.

വിദേശത്തു നിന്നും കോർപറേറ്റ് കമ്പനികളിൽ നിന്നും പണം സ്വീകരിച്ച് അധികാരത്തിലെത്തുന്ന രാഷ്ട്രീയ പാർട്ടികളിലും നേതാക്കളിലും പണം മുടക്കിയവർക്ക് നിയന്ത്രണം ഉണ്ടാകും. സർക്കാരിന്റെ നയരൂപീകരണത്തിലുൾപ്പെടെ ഇവരുടെ സ്വാധീനമുണ്ടാകുമെന്നും ഹർജിയിൽ ആരോപിക്കുന്നു. സാമൂഹ്യ പ്രവർത്തകനായ വിക്ടർ ടി. തോമസ് 2006 ലും 2011 ലും തിരുവല്ല നിയമസഭാ മണ്ഡലത്തിൽ സ്ഥാനാർത്ഥിയായിരുന്നു.

ഹർത്താലിന് പിന്നിൽ തീവ്രവാദികൾ: വൈക്കം വിശ്വൻ

കോട്ടയം: സാമൂഹ മാദ്ധ്യമങ്ങൾ വഴി ആഹ്വാനം ചെയ്ത് വടക്കൻ കേരളത്തിൽ നടപ്പാക്കിയ ഹർത്താലിന് പിന്നിൽ തീവ്രവാദ സംഘടനകളാണെന്ന് എൽ.ഡി.എഫ് കൺവീനർ വൈക്കം വിശ്വൻ പത്രസമ്മേളനത്തിൽ പറഞ്ഞു. ഹർത്താൽ നേരിടുന്നതിൽ പൊലീസിനോ ഇന്റലിജൻസിനോ വീഴ്ച പറ്റിയോയെന്ന് അന്വേഷിക്കണം. നോട്ടീസ് നൽകാതെ നടത്തുന്ന സമരം എന്താവശ്യത്തിനാണെന്ന് ഡോക്ടർമാർക്ക് പോലും അറിയില്ല. സമരം ജനങ്ങളോടുള്ള വെല്ലുവിളിയാണെന്നും അദ്ദേഹം പറഞ്ഞു.

നീണ്ടകരയിൽ സ്കൂട്ടർ അപകടത്തിൽ രണ്ട് പേർ മരിച്ചു

പന്മന: ദേശീയപാതയിൽ നീണ്ടകരയ്ക്ക് സമീപം ചീലാന്തിമുക്കിലുണ്ടായ സ്കൂട്ടർ അപകടത്തിൽ ബന്ധുക്കളായ രണ്ട് പേർ മരിച്ചു. ചവറ സൗത്ത് മാലിഭാഗം വിജയഭവനം തടത്തിൽ കിഴക്കേതിൽ വിജയൻ (56), പിതൃ സഹോദര പുത്രൻ മാലിഭാഗം ചക്കൻവിളയിൽ അശോകൻ (52) എന്നിവരാണ് മരിച്ചത്. തിങ്കളാഴ്ച പുലർച്ചേ 3:30 തോടെയായിരുന്നു അപകടം.

പന്മന വട്ടക്കായലിൽ മീൻപിടിത്തം കഴിഞ്ഞ് മീൻ വിൽക്കാൻ സ്കൂട്ടറിൽ ശക്തികുളങ്ങരക്ക് പോകുമ്പോഴായിരുന്നു അപകടം. രക്തത്തിൽ കുളിച്ച് റോഡരുകിൽ കിടന്ന ഇരുവരെയും കണ്ട വഴിയാത്രക്കാരാണ് പൊലീസിൽ അറിയിച്ചത്. ചവറ പൊലീസ് ആംബുലൻസിൽ ജില്ല ആശുപത്രിയിൽ എത്തിച്ചപ്പോഴേക്കും ഇരുവരും മരിച്ചു. സ്കൂട്ടർ പാതയോരത്തെ മരത്തിലിടിച്ച് താഴ്ചയിലേക്ക് മറിഞ്ഞതാകാമെന്ന് പൊലീസ് പറഞ്ഞു.

പ്രസന്നയാണ് വിജയന്റെ ഭാര്യ. മക്കൾ: ജയരാജ്, ജയലക്ഷ്മി. മരുമക്കൾ: അശ്വതി, ഷാജി. രാഗിണിയാണ് അശോകന്റെ ഭാര്യ. മക്കൾ: അശ്വതി, അജയൻ. മരുമക്കൾ: രതീഷ്, ശ്യാമ. മൃതദേഹം ജില്ലാ ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം വിട്ടുവളപ്പിൽ സംസ്കരിച്ചു.

അശോകൻ

വിജയൻ

കായൽ കൈയേറ്റ കേസ്

തോമസ് ചാണ്ടി ഹർജി പിൻവലിച്ചു

ന്യൂഡൽഹി: കായൽ കൈയേറ്റ കേസിൽ ഹൈക്കോടതി ഉത്തരവിനെതിരെ സുപ്രീംകോടതിയിൽ നൽകിയ ഹർജി മുൻ മന്ത്രി തോമസ് ചാണ്ടി പിൻവലിച്ചു. കളക്ടറുടെ റിപ്പോർട്ടിനെതിരെ ഹൈക്കോടതിയിൽ പുതിയ ഹർജി നൽകാൻ സുപ്രീംകോടതി അനുമതി നൽകി. കേസിലെ ഹൈക്കോടതി ഉത്തരവും കളക്ടറുടെ റിപ്പോർട്ടിലെ തുടർ നടപടികളും സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ടാണ് തോമസ് ചാണ്ടി പ്രത്യേക അനുമതി ഹർജി നൽകിയിരുന്നത്. മന്ത്രിയാണെന്ന കാരണം പറഞ്ഞാണ് ഹൈക്കോടതി തന്റെ റിട്ട് ഹർജി തള്ളിയത്. എന്നാൽ, നിലവിൽ മന്ത്രി അല്ലാത്തതിനാൽ സ്വകാര്യ വ്യക്തിയെന്ന നിലയിൽ കളക്ടറുടെ റിപ്പോർട്ടിനെ ചോദ്യം ചെയ്യാൻ അനുവദിക്കണമെന്ന് തോമസ് ചാണ്ടിക്ക് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ മുകുൾ റോഹ്തഗി വാദിച്ചു.

മന്ത്രിസ്ഥാനമൊഴിഞ്ഞ സാഹചര്യത്തിൽ പുതിയ ഹർജി നൽകാമെന്ന് ജസ്റ്റിസ് എസ്.എ. ബോബ്ഡെ അദ്ധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

പദ്ധതി നിർവഹണത്തിൽ വൻ മുന്നേറ്റമെന്ന് വിലയിരുത്തൽ

തിരുവനന്തപുരം: സംസ്ഥാനത്ത് പദ്ധതി നിർവഹണത്തിൽ വലിയ മുന്നേറ്റമുണ്ടായതായി മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ അവലോകന യോഗം വിലയിരുത്തി.

സംസ്ഥാന പദ്ധതിയിൽ 2017-18 വർഷം 91 ശതമാനം തുക ചെലവഴിച്ചു. 2016-17 ൽ ഇത് 88 ശതമാനവും 2015-16ൽ 81 ശതമാനവുമായിരുന്നു. പ്രാദേശിക സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 85 ശതമാനമാണ് ചെലവഴിച്ചത്. മുൻവർഷം ഇത് 72 ശതമാനമായിരുന്നു. മൊത്തം പദ്ധതിയിലെ (പ്രാദേശിക സ്ഥാപനങ്ങളുടേത് ഉൾപ്പെടെ) ചെലവ് 90 ശതമാനമാണ്. മുൻവർഷം 84 ശതമാനമായിരുന്നു. പദ്ധതി നിർവഹണം ഓരോ മൂന്നുമാസം കൂടുമ്പോഴും മുഖ്യമന്ത്രി അവലോകനം ചെയ്യുന്നുണ്ട്. അടുത്ത ത്രൈമാസ അവലോകനം ജൂണിൽ നടക്കും.

ഓരോ വകുപ്പിന്റെയും പദ്ധതി ചെലവ് യോഗത്തിൽ ധനവകുപ്പ് അവതരിപ്പിച്ചു. ചെലവ് താരതമ്യേന കുറവുള്ള വകുപ്പുകൾ പരിശോധന നടത്തണമെന്നും സമയബന്ധിതമായി പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം നൽകുന്നതിന് എല്ലാ വകുപ്പുകളും ശ്രദ്ധിക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കാര്യത്തിൽ സെക്രട്ടറിമാർ നിരന്തരം കേന്ദ്രസർക്കാരുമായി ബന്ധപ്പെടണമെന്നും നിർദ്ദേശിച്ചു.

യോഗത്തിൽ ചീഫ് സെക്രട്ടറി പോൾ ആന്റണി, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി വി.എസ്. സെന്തിൽ എന്നിവരും വകുപ്പ് സെക്രട്ടറിമാരും പങ്കെടുത്തു.

ദമ്പതികൾ സഞ്ചരിച്ച ബുള്ളറ്റ് മറിഞ്ഞ് ഭാര്യയ്ക്ക് ദാരുണാന്ത്യം

അമ്പലപ്പുഴ: ദമ്പതികൾ സഞ്ചരിച്ച ബുള്ളറ്റ് മറിഞ്ഞ് കെ.എസ്.എഫ്.ഇ ഉദ്യോഗസ്ഥ മരിച്ചു. ഓച്ചിറ ക്ലാപ്പന കവറാത്ത് പുത്തൻ വീട്ടിൽ നാസിമിന്റെ ഭാര്യ അനിലയാണ് (34) മരിച്ചത്. ഞായറാഴ്ച വൈകിട്ട് 6.30ന് ദേശീയ പാതയിൽ അറവുകാട് ഭാഗത്താണ് അപകടം. മണ്ണഞ്ചേരിയിൽ ബന്ധു വീട്ടിൽ പോയി മടങ്ങവേ ഇവർ സഞ്ചരിച്ച ബുള്ളറ്റ് മറിഞ്ഞാണ് അപകടം. മുൻഭാഗത്തെ ബ്രേക്ക് പിടിച്ചപ്പോൾ വാഹനം തെന്നി മറിയുകയായിരുന്നെന്ന് പൊലീസ് പറഞ്ഞു. വീഴ്ചയുടെ ആഘാതത്തിൽ തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ അനിലയെ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. കെ.എസ്.എഫ്.ഇ ഹരിപ്പാട് മുട്ടം ശാഖയിലെ ഉദ്യോഗസ്ഥയാണ് അനില. നാസിമിന് നിസാര പരിക്കേറ്റു. മക്കൾ: അഭ്നാൻ, അദ്നാൻ.

അനില

മലപ്പുറത്ത് വ്യാജ ഹർത്താൽ; കണ്ണീർവാതകം പ്രയോഗിച്ചു

മലപ്പുറം: ജമ്മു കാശ്മീരിലെ കത്വയിൽ കൊല്ലപ്പെട്ട ആസിഫയ്ക്ക് ഐക്യദാർഢ്യമെന്ന പേരിൽ സോഷ്യൽ മീഡിയയിൽ ആഹ്വാനം ചെയ്ത വ്യാജ ഹർത്താലിനെ തുടർന്ന് പലയിടത്തും പൊലീസിന് കണ്ണീർവാതകവും ഗ്രനേഡും പ്രയോഗിക്കേണ്ടിവന്നു.

താനൂരിൽ പതിനൊന്ന് പൊലീസുകാരെ പരിക്കുകളോടെ തിരൂർ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

രാവിലെ മുതൽ തന്നെ ദേശീയപാതയിലടക്കം ടയറുകൾ കത്തിച്ചും തടസങ്ങൾ സൃഷ്ടിച്ചും ഗതാഗതം പൂർണമായി സ്തംഭിപ്പിച്ചിരുന്നു. വിവിധ സംഘർഷങ്ങളിൽ ഹർത്താലനുകൂലികളായ നിരവധി പേരെ പൊലീസ് അറസ്റ്റ് ചെയ്തു.

വിവിധ സ്റ്റേഷനുകളിലായി അഞ്ഞൂറിലധികം പേർക്കെതിരെ കേസുകളുണ്ട്. പൊന്നാനി ബസ് സ്റ്റാൻഡിൽ വാഹനങ്ങൾ തടയാനും കടകൾ അടപ്പിക്കാനും ശ്രമിച്ചവർക്ക് നേരെ ലാത്തിവീശിയതോടെ പൊലീസിന് നേരെ കല്ലേറുണ്ടായി.

സംഭവത്തിൽ ആറുപേരെ കസ്റ്റഡിയിലെടുത്തു. വ്യാപക ആക്രമണങ്ങളെത്തുടർന്ന് സമരത്തിന് പിന്തുണയില്ലെന്ന് മുസ്‌ലീം ലീഗ് പ്രഖ്യാപിച്ചപ്പോൾ പരസ്യപിന്തുണയുമായി എസ്.ഡി.പി.ഐ രംഗത്തെത്തി.

ഹർത്താൽ അനുകൂലികൾ മലപ്പുറം നഗരത്തിൽ തമ്പടിച്ചപ്പോൾ

മൂവാറ്റുപുഴയിലും എറണാകുളത്തും കടകളടപ്പിച്ചു

വാഹനഗതാഗതം സ്തംഭിപ്പിച്ച 17 പേർ അറസ്റ്റിൽ

കൊച്ചി: ഊരും പേരുമില്ലാത്ത സംഘടന സോഷ്യൽമീഡിയയിലൂടെ ആഹ്വാനം ചെയ്ത ഹർത്താലിൽ എറണാകുളത്തും മൂവാറ്റുപുഴയിലും നിർബന്ധിച്ച് കടകളടപ്പിച്ചു. മൂവാറ്റുപുഴയിൽ ചന്ത ദിവസമായതിനാൽ പച്ചക്കറികൾ ഉൾപ്പെടെ വൻശേഖരമായി വ്യാപാരികൾ എത്തിയിരുന്നു. എന്നാൽ പ്രതിഷേധക്കാർ വിൽക്കാൻ സമ്മതിച്ചില്ല. ഹോട്ടലുകളും അടപ്പിച്ചതോടെ ഹർത്താലിന്റെ പ്രതീതിയായി. എറണാകുളം ബ്രോഡ്‌വേയിൽ ഉച്ചയ്ക്ക് ശേഷം കടകളടപ്പിക്കാൻ എത്തിയവരെ സെൻട്രൽ പൊലീസ് അറസ്റ്റ് ചെയ്തു. മൂവാറ്റുപുഴയിൽ സ്വകാര്യ ബസുകൾ പ്രതിഷേധം ഭയന്ന് സർവീസ് അവസാനിപ്പിച്ചത് യാത്രക്കാർക്ക് ദുരിതമായി. പശ്ചിമകൊച്ചിയിൽ വാഹനങ്ങൾ തടഞ്ഞു. മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി റൂട്ടുകളിൽ സ്വകാര്യബസുകൾ തടഞ്ഞതിനാൽ സർവീസ് നിറുത്തിവെച്ചു. തോപ്പുംപടിറൂട്ടിൽ ഗതാഗതം സ്തംഭിപ്പിച്ച് റോഡിൽ കുത്തിയിരുന്ന 17 പേരെ അറസ്റ്റുചെയ്തു. തുടർന്ന് കേസെടുത്ത് ജാമ്യത്തിൽ വിട്ടു. മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി മേഖലകളിൽ കാശ്മീരി യുവാക്കളും കടകളടച്ച് പ്രതിഷേധത്തിൽ പങ്കെടുത്തു.

കലവൂരിൽ പൊലീസ് ലാത്തിവീശി

ആലപ്പുഴ: കലവൂരിൽ കടകൾ അടപ്പിക്കുന്നത് തടയാൻ ശ്രമിച്ച പൊലീസിനെ ആക്രമിക്കാൻ ഹർത്താൽ അനുകൂലികൾ ശ്രമിച്ചതിനെ തുടർന്ന് പൊലീസ് ലാത്തിവീശി. മുപ്പതോളം പേർ അടങ്ങുന്ന സംഘം ഇന്നലെ ഉച്ചയ്ക്ക് ശേഷമാണ് നിർബന്ധിച്ചും ഭീഷണിമുഴക്കിയും കടകൾ അടപ്പിക്കാൻ ശ്രമിച്ചത്. നാല് പൊലീസുകാർ മാത്രമാണ് അവിടെയുണ്ടായിരുന്നത്. മുഹമ്മ, മാരാരിക്കുളം, അർത്തുങ്കൽ, ചേർത്തല എന്നിവിടങ്ങളിൽ നിന്ന് കൂടുതൽ പൊലീസ് സ്ഥലത്തെത്തിയതോടെ ഹർത്താലനുകൂലികൾ പിന്തിരിയുകയായിരുന്നു. നേരത്തെ മണ്ണഞ്ചേരിയിലെ മുഴുവൻ കടകളും ഇവർ അടപ്പിച്ചിരുന്നു. എന്നാൽ ഹർത്താലനുകൂലികളെ പിൻതിരിപ്പിക്കാൻ മണ്ണഞ്ചേരിയിൽ പൊലീസ് തയ്യാറായില്ലെന്ന് പരാതി ഉയർന്നു.

ഘോഷ് കാഞ്ഞിരമറ്റം നിര്യാതനായി

കാഞ്ഞിരമറ്റം: പാലത്തിങ്കൽ ഘോഷ് കാഞ്ഞിരമറ്റം (കെ.കെ. നാരായണൻ - 84 റിട്ട. നേവൽ സ്റ്റോർ ഓഫീസർ) നിര്യാതനായി. സംസ്കാരം നടത്തി. ഘടോൽക്കചൻ, ധാരാഷികോവ് എന്നീ ഖണ്ഡകാവ്യങ്ങളും നിരവധി കവിതകളും ചെറുകഥകളും രചിച്ചിട്ടുണ്ട്. സമഗ്ര സാഹിത്യ സംഭാവനയ്ക്ക് വർണിഭ എഴുത്തച്ഛൻ പുരസ്കാരവും മലങ്കര എഴുത്തച്ഛൻ പുരസ്കാരവും ലഭിച്ചിട്ടുണ്ട്. ഭാര്യ: അമ്മിണി നാരായണൻ. മക്കൾ: മായ പി.എൻ. (അസി. മാനേജർ, ഓറിയന്റൽ ഇൻഷ്വറൻസ്), ഡോ. മിനി പി.എൻ (അഡീഷണൽ പ്രൊഫ. ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്), ഡോ. അനു ദേവാനന്ദ് (കൺസൽട്ടന്റ്, ഓർത്തോപീഡിക്സ്, ഗവ. ജനറൽ ഹോസ്പിറ്റൽ, കോഴിക്കോട്), അരിൻ ചന്ദ്രബോസ് (ഡിവൈ.എസ്.പി, സി.ബി.ഐ). മരുമക്കൾ: സതീഷ് പി.ജി. (മാനേജർ, എസ്.ബി.ഐ തിരുവനന്തപുരം), പ്രൊഫ. ഡോ. എം.പി. ശശി (പ്രിൻസിപ്പൽ, മഞ്ചേരി മെഡിക്കൽ കോളേജ്), ഹേമ ദേവാനന്ദ് (എൻജിനിയർ - ഇന്റീരിയൽ ഡിസൈനർ), ദീപിക ഡി.ടി. (ഡെപ്യൂട്ടി മാനേജർ, എസ്.ബി.ഐ സൗത്ത് കുത്തിയതോട്).